കേരള സർക്കാർ

"ഭരണഭാഷ – മാതൃഭാഷ"

ഫിഷറീസ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി:07-03-2025

DFTVM/758/2025-A4

ഇ-മെയിൽ :fisheriesdirector@gmail.com

## സർക്കുലർ

വിഷയം :- ഫിഷറീസ് - ജീവനക്കാര്യം - 2025-26 ജെ.ഡി.സി പരിശീലനം - ജീവനക്കാരെ നിയോഗിക്കുന്നത് - അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന :- സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയൻ, കേരള അഡീഷണൽ രജിസ്ട്രാർ - സെക്രട്ടറിയുടെ 21/02/2025 ലെ റ്റി.ആർ/1/8197/2025 നമ്പർ കത്ത്.

*****

2025-26 വർഷത്തെ ജെ.ഡി.സി (ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ) പരിശീലനം 02/06/2025-ന് ആരംഭിക്കുകയാണ് എന്ന് സൂചനയിലൂടെ അഡീഷണൽ രജിസ്ട്രാർ-സെക്രട്ടറി അറിയിച്ചിരിക്കുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) .

ഫിഷറീസ് വകുപ്പിലെ 35600-75400 ൽ കുറയാത്ത ശമ്പള സ്കെയിലിലുള്ള ജീവനക്കാരിൽ നിന്നും ടി ജെ.ഡി.സി കോഴ്സ് പരിശീലനത്തിന് അപേക്ഷ ക്ഷണിക്കുന്നു.

താല്പര്യമുള്ളവർ ബന്ധപ്പെട്ട മേലധികാരി മുഖേന അപേക്ഷ സമർപ്പിക്കേണ്ടതും മേലധികാരി സേവന സംബന്ധമായ വിവരങ്ങൾ, പേര്, തസ്തിക, ജനനതീയതി, സേവനത്തിൽ പ്രവേശിച്ച തീയതി, ഇപ്പോഴത്തെ തസ്തികയിൽ പ്രവേശിച്ച തീയതി എന്നിവ സഹിതം അപേക്ഷകൾ 31/03/2025- ന് മുമ്പായി ഫിഷറീസ് ഡയറക്ടർ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്. നിശ്ചിത സമയ പരിധിക്കു ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

അപേക്ഷകർക്കു ടി പരിശീലന കാലയളവിനു ശേഷം കുറഞ്ഞത് അഞ്ചു വർഷത്തെ സേവനകാലം ഉണ്ടായിരിക്കേണ്ടതാണ്.

ടി പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെടുന്ന ജീവനക്കാർ 9340/- രൂപ ബന്ധപ്പെട്ട സഹകരണ പരിശീലന കേന്ദ്രത്തിൽ പ്രവേശന സമയത്തെ ഫീസിനത്തിൽ അടയ്ക്കേണ്ടതാണ്.

Signed by
Geetha G Nair
Date: 07-03-2025 11:38:48

GEETHA G NAIR
ADMINISTRATIVE ASSISTANT
ഫിഷറീസ് ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്

1) എല്ലാ ഓഫീസ് മേലധികാരികൾക്കും (എസ്റ്റാബ്ലിഷ്മെന്റുകൾക്കും)
--- സർക്കുലർ ഓഫീസിലെ എല്ലാ ജീവനക്കാർക്കും (ഡെപ്യൂട്ടേഷൻ ഉൾപ്പെടെ) കാണുന്നതിനായി നൽകേണ്ടതാണ്.

2) ഈ ഓഫീസിലെ എല്ലാ സെക്ഷനുകൾക്കും

പകർപ്പ്

1) വെബ്സൈറ്റിലേക്ക്
2) നോട്ടീസ് ബോർഡിലേക്ക്
3) ശേഖര സഞ്ചയം / കരുതൽ ഫയൽ.

E-424942

AH @ 1/3/25

# STATE CO-OPERATIVE UNION, KERALA

*(Established by the Government of Kerala)*
*Samsthana Sahakarana Bhavan, Oottukuzhy, Thiruvananthapuram- 695 001*

**KOLIYAKODE N.KRISHNAN NAIR**
**Chairman**

**RAJITH KUMAR.M.P**
**Additional Registrar-Secretary**

**റ്റി.ആർ.(1)/8197/2025** **21.02.2025**

1. **ബഹു. സഹകരണ സംഘം രജിസ്ട്രാർ**
   **തിരുവനന്തപുരം**
2. **വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ**
   **തിരുവനന്തപുരം**
3. **ഫിഷറീസ് ഡയറക്ടർ**
   **തിരുവനന്തപുരം**
4. **സെക്രട്ടറി**
   **ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്**
   **തിരുവനന്തപുരം**
5. **ഡയറക്ടർ**
   **ക്ഷീര വികസന വകുപ്പ്**
   **പട്ടം, തിരുവനന്തപുരം.**

**സർ,**

**വിഷയം - സംസ്ഥാന സഹകരണ യൂണിയൻ - 2025 ജൂൺ മാസത്തിൽ ആരംഭിക്കുന്ന ജെ.ഡി.സി. ബാച്ചിലേയ്ക്ക് ഡിപ്പാർട്ട്മെന്റ് ജീവനക്കാരെ നിയോഗിക്കുന്നത് സംബന്ധിച്ച് -**

2025 ജൂൺ 2-ാം തീയതി ആരംഭിക്കുന്ന 2025-26 വർഷത്തെ ജെ.ഡി.സി. (ജൂനിയർ ഡിപ്ലോമ ഇൻ-കോ-ഓപ്പറേഷൻ) കോഴ്സിലേയ്ക്ക് സംസ്ഥാന സഹകരണ യൂണിയന്റെ വിവിധ സഹകരണ പരിശീലന കേന്ദ്രങ്ങളിൽ സഹകരണം, വ്യവസായം, ഫിഷറീസ്, ക്ഷീരവികസനം, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് എന്നീ വകുപ്പുകളിൽ ജോലി നോക്കുന്ന ജീവനക്കാർക്കായി താഴെപ്പറയും പ്രകാരം സീറ്റുകൾ നീക്കിവച്ചിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുന്നു.

Chairman (Office): 0471-2331072, 2320420, Secretary (Office):0471-2320409,2320420 , General Manager (Office : 0471-2320639, 2320420, Fax: 0471-2320409, E-mail:scukerala@gmail.com, Website: www.scu.kerala.gov.in

**<u>സഹകരണ പരിശീലന കേന്ദ്രങ്ങളും, സീറ്റുകളും</u>**

| | TVM | KOTTARAKKARA | ARANMULA | CHERTHALA | KOTTAYAM | PALA | NEDUMKANDAM | NORTH PARAVUR | THRISSUR | PALAKKAD | KOZHIKODE | THIRUR | WAYANAD | THALASSERY | KANNUR | MUNNAD |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | | | | | |
| **COIR** | 1 | 1 | 1 | 2 | 1 | 0 | 0 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| **HAND LOOM** | 2 | 1 | 1 | 1 | 1 | 1 | 0 | 1 | 1 | 1 | 1 | 1 | 2 | 1 | 2 | 2 |
| **DAIRY** | 2 | 2 | 2 | 2 | 2 | 1 | 2 | 2 | 2 | 2 | 2 | 2 | 2 | 2 | 2 | 2 |
| **DH** | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| **INDUS TRIAL** | 1 | 1 | 0 | 1 | 1 | 0 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 0 |
| **WOMEN INDUST RIAL** | 1 | 1 | 0 | 1 | 1 | 1 | 0 | 1 | 1 | 0 | 1 | 0 | 1 | 1 | 0 | 1 |
| **FISHERI ES** | 1 | 1 | 0 | 1 | 1 | 0 | 0 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| **CCU** | 1 | 1 | 1 | 1 | 1 | 0 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| | | | | | | | | | | | | | | | | |

സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിൽ 10 സഹകരണ പരിശീലന കേന്ദ്രങ്ങൾക്കു പുറമേ ആറൻമുള, പാല, നോർത്ത് പറവൂർ, തിരൂർ, തലശ്ശേരി, നെടുങ്കണ്ടം എന്നീ 6 സ്ഥലങ്ങളിലെ എക്സ്റ്റൻഷൻ സെന്ററുകളായി പ്രവർത്തിക്കുന്ന സഹകരണ പരിശീലന കേന്ദ്രത്തിലും/കോളേജിലും ജെ.ഡി.സി. കോഴ്സ് നടത്തി വരുന്നു. ഓരോ ഡിപ്പാർട്ടുമെന്റിനും അനുവദിച്ചിട്ടുള്ള ആകെ സീറ്റുകളിൽ അധികരിക്കാത്ത വിധത്തിൽ ഉദ്യോഗസ്ഥരെ അവരുടെ സൗകര്യാർത്ഥം മേൽ സൂചിപ്പിച്ച പ്രകാരമുള്ള 16 സഹകരണ പരിശീലന കേന്ദ്രം/കോളേജുകളിലായി പ്രസ്തുത കോഴ്സിന് നിയോഗിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ സീറ്റുകളിലേയ്ക്ക് ജെ.ഡി.സി. പരിശീലനത്തിനായി 2025-26 അദ്ധ്യായന വർഷത്തിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരുടെ വിവരങ്ങൾ 2025 മേയ് മാസം 15-ാം തീയതിക്കു മുമ്പ് ഈ ആഫീസിലേയ്ക്ക് അറിയിക്കണമെന്നും താൽപ്പര്യപ്പെടുന്നു.

പരിശീലനത്തിന് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥരെ 2025 ജൂൺ മാസം 2-ാം തീയതി രാവിലെ 9.30 മണിക്ക് ബന്ധപ്പെട്ട സഹകരണ പരിശീലന കേന്ദ്രം/കോളേജ് പ്രിൻസിപ്പൽ മുമ്പാകെ ആവശ്യമായ റിക്കാർഡുകൾ സഹിതം ഹാജരാകണമെന്നുള്ള നിർദ്ദേശത്തോടുകൂടി ക്രമപ്രകാരം വിടുതൽ ചെയ്യേണ്ടതാണ്.

ഇത്തരത്തിൽ നിയോഗിക്കപ്പെടുന്ന പഠിതാക്കൾക്ക് ട്യൂഷൻ ഫീസ് ഒഴിവാക്കിയിട്ടുള്ളതും എന്നാൽ ട്യൂഷൻ ഫീസ് ഒഴികെയുള്ള മറ്റ് ഫീസുകളുടെ ഇനത്തിൽ അടവാക്കേണ്ട 9340/- രൂപ അഡ്മിഷൻ സമയത്ത് ഒടുക്കാൻ പഠിതാക്കൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

അഡീഷണൽ രജിസ്ട്രാർ-സെക്രട്ടറി.

പകർപ്പ് - എല്ലാ ജെ.ഡി.സി. പരിശീലന കേന്ദ്രം/കോളേജ് പ്രിൻസിപ്പാൾമാർക്കും.

ഡി.23.01.2025.